(ബി) മാവേലി സ്റ്റോർ/സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ ഇതേ സാധനങ്ങളുടെ വിലയും താരതമ്യം ചെയ്യുന്ന പട്ടികയും അനുബന്ധം I ആയി ചേർക്കുന്നു.* സപ്ലൈകോ 2015 ഫെബ്രുവരി മാസം 56 ഡിപ്പോകളിലായി കേന്ദ്രീകൃത ടെണ്ടറുകളിലൂടെ വാങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വില അനുബന്ധം II ആയി ചേർക്കുന്നു.*

(സി) മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം ഇതുവരെ 70 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 2015 ജനുവരി മാസം വരെ ഏകദേശം 43,000 ടൺ പയറുവർഗ്ഗങ്ങൾ & സുഗന്ധവ്യഞ്ജനങ്ങൾ, 32,000 ടൺ പഞ്ചസാര, 83,000 ടൺ അരി, 31 ലക്ഷം ലിറ്റർ വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 30 ശതമാനം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

(ഡി) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയിൽ ആവശ്യമായ അളവിൽ പൊതുവിപണിയിൽ എത്തിക്കുന്നതുമൂലം ഇവയുടെ പൊതുവിപണിയിലെ അനിയന്ത്രിതമായ വിലക്കയറ്റം തടയുവാൻ സഹായിച്ചിട്ടുണ്ട്. ഉപഭോക്തൃ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 50 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ നടപടികളുടെ ഭാഗമായി പ്രതിമാസം 10 ലക്ഷത്തിലധികം വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇങ്ങനെ നിലവിലുള്ള സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി ഫലപ്രദമായും കാര്യക്ഷമമായും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധം നടപ്പിലാക്കിവരുന്നു.

റേഷൻ കാർഡുകൾ

211 (1255) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ വീട്ടിലെ മുതിർന്ന സ്ത്രീകളുടെ പേരിൽ നൽകുന്നതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) ഇല്ലെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള സംവിധാനം മാറ്റുന്നത്, വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായി വരുന്നത്, സ്ത്രീ ശാക്തീകരണമാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത

212 (1256) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നതിന്റെയും ഇത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള കേസുകളിൽ എന്ത് ശിക്ഷയാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ പരിശോധന ഇന്ന് പൊതുവിപണിയിലും, പൊതുവിതരണ കേന്ദ്രങ്ങളിലും നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 487 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	48
കൊല്ലം	-	121
പത്തനംതിട്ട	-	5
ആലപ്പുഴ	-	32
കോട്ടയം	-	10

LIBRARY ARCHIVES Kerala Legislative Assembly